# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 4379

25.10.2016 - ൽ മറുപടിയ്ക്ക്

### വെങ്കിടങ്ങ് കയർ വ്യവസായ സഹകരണ സംഘം

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | ഉത്തരം<br>ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങിൽ ഇരുപത്തിയഞ്ച് തൊഴിലാളികൾ പ്രത്യക്ഷമായും പതിനഞ്ച്പേർ പരോക്ഷമായും തൊഴിലെടുക്കുന്ന 337 ാം നമ്പർ കയർ വ്യവസായ സഹകരണ സംഘത്തിൽ യന്ത്രത്തകരാറും മറ്റ തകരാറുകളും കാരണം പണിയെടുക്കാൻ കഴിയാത്ത സ്ഥിതി നിലവിലുള്ളതിനാൽ പ്രസ്തുത സംഘത്തിന് പ്രവർത്തന മൂലധനം നൽകുന്നതിനും തകരാറുകൾ പരിഹരിച്ച് തൊഴിൽ ഉറപ്പുവരുത്തുവാനും നടപടി സ്വീകരിക്കുമോ? | തൃശ്ശൂർ കയർ പ്രോജക്ട് ഓഫീസിന്റെ അധീനതയിലുള്ള വെങ്കിടങ്ങ് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 337 ന് 7,50,000/- രൂപ പ്രവർത്തനമൂലധനമായി അനുവദിച്ചിരുന്നു. ആയതിൽ 3,82,795/-രൂപ ചെലവഴിക്കാതെ കാലാവധി അവസാനിച്ചിട്ടുള്ളതാണ്. നിലവിലുള്ള ഭരണസമിതിക്ക് താൽപ്പര്യമുള്ള പക്ഷം തൃശ്ശൂർ പ്രോജക്ട് ഓഫീസുവഴി സംഘം പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ